പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2113 **26-10-2026-ൽ മറുപടിയ്ക്ക്**

<u>ത്രിതല പഞ്ചായത്തുകളിൽ നിന്നും സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) കെട്ടിട നമ്പർ ഉൾപ്പെടെ വിവിധ സേവനങ്ങൾ ത്രിതല പഞ്ചായത്തുകളിൽ നിന്നും കാലതാമസം കൂടാതെ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സേവനങ്ങൾ K-SMART സംവിധാനത്തിലൂടെയാണ് ജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കെട്ടിട നിർമാണാനുമതി, പൂർത്തീകരണ/ ഒക്യുപൻസി സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ അനുവദിക്കൽ, വസ്തുനികുതി നിർണയം, ലൈസൻസുകൾ, ജനനമരണ വിവാഹ രജിസ്ട്രേഷൻ തുടങ്ങി എല്ലാ സേവനങ്ങളും ബാധകമായ നിയമപരമായ സമയപരിധിക്കുള്ളിൽ തന്നെ നല്കുന്നുണ്ട്. അപേക്ഷകളുടെ നിലവിലെ സ്ഥിതി, ഫയൽ നീക്കം, തീർപ്പാക്കേണ്ട സമയപരിധി എന്നിവ ഡിജിറ്റലായി നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. ത്രിതല പഞ്ചായത്തുകളിലെ സാങ്കേതിക ജീവനക്കാരുടെ ലഭ്യതയും K-SMART ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിശോധിച്ച് ആവശ്യമായ പരിശീലനം, സാങ്കേതിക സഹായം, ജീവനക്കാരുടെ ഏകോപനം എന്നിവ ഉറപ്പാക്കുന്നതാണ്. സേവനങ്ങൾ അനുവദിക്കുന്നതിൽ അനാവശ്യ കാലതാമസം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം പരിശോധിച്ച് ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സേവനങ്ങൾ മനഃപൂർവ്വം താമസിപ്പിക്കുന്ന സാഹചര്യങ്ങളിൽ ജില്ലാതലത്തിൽ വേഗം തീർപ്പുകല്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ പ്രസ്തുത സംവിധാനത്തിൽ പരാതികൾ സ്വീകരിച്ച് പരിശോധിക്കാൻ മൊബൈൽ ടീമിനെ ജില്ലാതലങ്ങളിൽ നിയമിക്കാൻ നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>മറുപടി:</u> K-SMART സംവിധാനത്തിലൂടെ നൽകിവരുന്ന എല്ലാ സേവനങ്ങളും ബാധകമായ നിയമപരമായ സമയപരിധിക്കുള്ളിൽ തന്നെ നൽകിവരുന്നു. മൊബൈൽ ടീമിനെ ജില്ലാതലങ്ങളിൽ നിയമിക്കുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ